മാറ്റത്തിരുത്തലുകളും വ്യാജവാദങ്ങളും

# ജനങ്ങളോട് നിങ്ങൾ നല്ല വാക്കു പറയുക



SANAD

ML

# بسم الله الرحمن الرحيم

الحمد لله رب العالمين والصلاة والسلام على أشرف الأنبياء والمرسلين
سيدنا محمد المبعوث رحمة للعالمين وعلى آله وصحبه أجمعين

**അല്ലാഹു തആല പറയുന്നു :**

'അല്ലാഹുവെ അല്ലാതെ നിങ്ങൾ ആരാധിക്കരുത്;
മാതാപിതാക്കൾക്കും ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും നൻമ ചെയ്യണം;
ജനങ്ങളോട് നല്ല വാക്ക് പറയണം; പ്രാർത്ഥന മുറ പ്രകാരം നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യണം' എന്നെല്ലാം നാം ഇസ്രായീല്യരോട് കരാർ വാങ്ങിയ സന്ദർഭം ( ഓർക്കുക ).
( എന്നാൽ ഇസ്രായിൽ സന്തതികളേ, ) പിന്നീട് നിങ്ങളിൽ കുറച്ച് പേരൊഴികെ മറ്റെല്ലാവരും വിമുഖതയോടെ പിൻമാറിക്കളയുകയാണ് ചെയ്തത" ( ബഖറ 83)

## ധാർമിക മൂല്യങ്ങളുടെ അദ്ധ്യായം

**സ്വഭാവം : മനുഷ്യ മനസ്സിൽ അടിയുറച്ച ഒരു ഭാവം.......**
**യാതൊരു മുൻധാരണകളോ മുൻ വിധികളോ ഇല്ലാതെ ആ ഭാവത്തിൽ നിന്നും മനുഷ്യന്റെ വാക്കുകളും പ്രവർത്തികളും ഉത്ഭവിക്കുന്നു.......**
**സകല ദൈവിക സംഹിതകളും ഒരേ സ്വരത്തിൽ ക്ഷണിച്ച മാനുഷിക മൂല്യമാണ് സൽസ്വഭാവം........**
**മനുഷ്യ പ്രകൃതിയുമായി വളരെയധികം ബന്ധപ്പെട്ടുകിടക്കുന്ന സവിശേഷതയാണ് സൽസ്വഭാവം...**
**അടിസ്ഥാന തത്വങ്ങളും ധാർമിക മൂല്യങ്ങളും സ്ഥായിയായതാകുന്നു അതിൽ ജാതി മത വർഗ വർണ ഭാഷ ദേശ വ്യത്യാസങ്ങൾ ഇല്ല.**

**ഇപ്രകാരമാണെങ്കിൽ പിന്നെ ഈ വരികൾക്ക് എന്ത് പ്രസക്തിയാണുള്ളത് ...?**

**എല്ലാ നിയമ സംഹിതകളും ഒരേ സ്വരത്തിൽ ക്ഷണിച്ച സ്വഭാവ വ്യവസ്ഥയിൽ സംഭവിച്ച ധാർമിക അധഃപതനവും സംശുദ്ധമായ മനുഷ്യ പ്രകൃതിയുമായി ബന്ധപ്പെട്ട സ്വഭാവ സവിശേഷതയിൽ സംഭവിച്ച മൂല്യ തകർച്ചയുമാണ് നാമിന്നു നേരിട്ട് കൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി . ആ പ്രതിസന്ധി സമൂഹത്തിലെ ഓരോ വ്യക്തിയുടെയും ജീവിതത്തിൽ ധാർമിക തകർച്ചക്ക് കാരണമായി.**
**ഇതെല്ലം തന്നെ മേല്പറഞ്ഞ ആയതുമായി ബന്ധപ്പെട്ട ചില ചോദ്യങ്ങൾക്കു ഉത്തരം കണ്ടെത്താൻ നമ്മളെ നിർബന്ധിതരാകുന്നു .**

- ചില കൂട്ടർ അവകാശപ്പെടുന്നത് പോലെ ഈ അയത്തിലൂടെ അള്ളാഹു അഭിസംബോധന ചെയുന്നത് ബനൂ ഇസ്രായിലരെ മാത്രമാണോ അതോ മുഴുവൻ മുസ്ലിം സമൂഹത്തെയും ആണോ ?വാളിനെ കുറിച്ച പരാമർശിച്ച ആയത്തു ഈ ആയത്തിനെ ദുർബലപ്പെടുത്തി എന്നാണ് ചിലരുടെ വാദം അത് ശെരിയാണോ അതല്ല ഈ ആയത്ത് സുവ്യക്തവും ഖണ്ഡിതവുമായി നിലനിൽക്കുന്നുണ്ടോ?
- അയത്തിൽ ജനങ്ങൾ എന്നത് കൊണ്ട് ആരെയാണ് അള്ളാഹു ഉദ്ദേശിക്കുന്നത് ?
- നല്ല വാക്ക് കൊണ്ട് എന്താണുദ്ദേശം ?
- ഇതേ അയത്തിൽ വന്നിട്ടുള്ള മറ്റു അധ്യാപനങ്ങളുമായി നല്ല വാക്ക് എന്നതിന് എന്തു ബന്ധമാണുള്ളത് ?

## മേൽ പറഞ്ഞ ആയത്തിൽ അല്ലാഹു ആരെയാണ് അഭിസംബോധന ചെയ്യുന്നത്

ഈ ആയതിന്റെ പശ്ചാത്തലത്തിൽ നിന്നും, ഇതിലെ അധ്യാപനങ്ങൾ ഇസ്ലാമിക ശരീഅത്തിൽ നിലകൊള്ളുന്ന നമ്മളോരോരുത്തർക്കും വേണ്ടിയുള്ളതാണെന്ന് വളരെ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും ,ഇവിടെ അല്ലാഹു തആല ഏകദൈവവിശ്വാസം മുറുകെപ്പിടിക്കാനും, മാതാപിതാക്കളോടും ബന്ധുമിത്രങ്ങളോടും അനാഥകളോടും അഗതികളോടും നല്ല രീതിയിൽ വർത്തിക്കാനും ,നമസ്കാരവും സക്കാത്തും കൃത്യമായി അനുഷ്ഠിക്കാനും കൽപ്പിക്കുന്നതോടൊപ്പം തന്നെ അഖില ജനങ്ങളോടും നല്ല വാക്കു പറയുവാനും കൽപ്പിക്കുന്നു, ഇത്തരത്തിൽ , മറ്റെല്ലാ നിർദേശങ്ങളോടൊപ്പം ഈ അധ്യാപനത്തെയും അള്ളാഹു തആല മുന്നോട്ടു വെക്കുമ്പോൾ അത് ബനൂ ഇസ്രയേലർക്ക് മാത്രം പ്രത്യേകമായി അവതരിച്ച വചനമാണെന്നു പറഞ്ഞു എങ്ങനെയാണു മാറ്റിനിർത്താൻ സാധിക്കുക.

ആയതിനാൽ , മനുഷ്യ പ്രകൃതിയുടെ ഔചിത്യത്തിന്റെ അഭിവാജ്യ ഘടകങ്ങളായ ധാർമിക മൂല്യങ്ങൾ അസാധുവാക്കപ്പെടുകയൊ മാറ്റിതിരുത്തലുകൾക്കു വിധേയമാക്കപ്പെടുകയൊ ചെയ്യാത്തതു പോലെ അവസാനമായി അവതരിച്ച ദൈവിക നിയമസംഹിതയായ പരിശുദ്ധ ഇസ്ലാമിന്റെ ശരീഅത്തിൽ ധാർമികത മുറുകിപ്പിടിക്കാനുള്ള കൽപ്പന ഇല്ലെന്നും അത് ബനൂ ഇസ്രയിലെർക്ക് മാത്രം പ്രത്യേയകമായുള്ളതാണെന്നും പറയുന്നത് സങ്കൽപ്പിക്കാൻ പോലും സാധിക്കുന്ന കാര്യമല്ല. വിശിഷ്യാ , പ്രവാചകൻ സ അരുളിയിരിക്കുന്നു ; എന്റെ നിയോഗ ലക്ഷ്യം സൽസ്വഭാവങ്ങളുടെ പൂർത്തീകരണമാണ്.

ഉന്നതമായ ഈ അധ്യാപനങ്ങൾ മുഹമ്മദ് നബി സ യുടെ സമുദായത്തിനും ബാധകമാണെന്നും അത് അസാധുവാക്കപ്പെടാതെ ഇന്നും നിലനിൽക്കുന്നുണ്ടെന്നുമുള്ളതിനു ഖുർആനിൽ നിന്നുള്ള വ്യക്തമായ തെളിവുകൾ ഇമാം റാസി റ തഫ്സീറുൽ കബീറിലും ഇമാം ഇബ്നു ഹയ്യർ അന്ദലുസി ബഹറൽ മുഹീത്തിലും ഉദ്ധരിക്കുന്നു , അവർ പറയുന്നു : അബു ജാഫർ മുഹമ്മദ് ബിൻ അലി അൽ ബാഖിറിന്റെ വാദപ്രകാരം മേൽപറഞ്ഞ വസ്തുതകൾ എല്ലാവർക്കും ബാധകമാവുന്നതാണ് അത് ആർക്കും പ്രത്യേയകമായുള്ളതല്ല , ഇതാകുന്നു ഏറ്റവും ശക്തമായ വാദം , അതിനുള്ള തെളിവ് ഇതാണ് , മൂസ നബിയും ഹാറൂൺ നബിയും ഇത്ര വലിയ പദവി അലങ്കരിക്കുന്നവരായിരുന്നിട്ട് പോലും , ഫിർഔനോട് മയമായ നിലപാട് സ്വീകരിക്കാൻ അള്ളാഹു അവരോടു കല്പിച്ചു ഇപ്രകാരം പ്രവാചകൻ സ യോട് അള്ളാഹു തആല സഹിഷ്ണുത മുറുകെ പിടിക്കാനും ശാഠ്യം ഒഴിവാക്കാനും കല്പിച്ചു ,

അള്ളാഹു തആല പറയുന്നു : വളരെ തന്ത്രപരമായും സദുപദേശം നൽകിക്കൊണ്ടും ജനങ്ങളെ നിന്റെ രക്ഷിതാവിന്റെ പാതയിലേക്ക് ക്ഷണിക്കുക , മറ്റൊരു സ്ഥലത്തു പറഞ്ഞിരിക്കുന്നു

അല്ലാഹുവിനു പുറമെ അവർ വിളിച്ച് പ്രാർത്ഥിക്കുന്നവരെ നിങ്ങൾ ശകാരിക്കരുത്. അവർ വിവരമില്ലാതെ അതിക്രമമായി അല്ലാഹുവെ ശകാരിക്കാൻ അത് കാരണമായേക്കും

**അനാവശ്യ വൃത്തികൾ നടക്കുന്നേടത്തു കടന്നു പോവുകയാണെങ്കിൽ മാന്യമായി കടന്നു പോകുന്നവരാകുന്നു അവർ.**

ഇബ്നു അജീബ തന്റെ തഫ്സീറിൽ പറയുന്നു : ബനൂ ഇസ്രായിലരോട് സ്വീകരിച്ച ഓരോ കരാറും മുഹമ്മദ് നബി യുടെ സ സമൂഹത്തോടും സ്വീകരിക്കേതാകുന്നു , അതിനാലാണ് , പരിശുദ്ധ ഖുർആനിൽ അള്ളാഹു നമുക്കവരുടെ കഥകൾ വിവരിച്ചു തന്നത് ,കൂടാതെ അവർക്കു വന്നിട്ടുള്ള പിഴവുകൾ നമ്മിലുണ്ടാവുകയും അത് കാരണമായി നാം നശിച്ചു പോകാതിരിക്കുകയും ചെയ്യുന്നതിന് വേണ്ടി അള്ളാഹു തആല അവരുടെ പിഴവുകളെയും നമുക്ക് വിവരിച്ചു തന്നു.

> ധാർമികതയുടെ അടിസ്ഥാന മൂല്യങ്ങൾ
> അസാധുവാക്കപ്പെടുകയോ
> മാറ്റിതിരുത്തലുകൾക്കു
> വിധേയമാക്കപ്പെടുകയോ ചെയ്യുകയില്ല ,
> അത് ചൊവ്വായ മനുഷ്യ പ്രകൃതിയുടെ
> അനിവാര്യതയിൽ പെട്ടതാകുന്നു

ഈ അധ്യാപനങ്ങൾ മുഹമ്മദ് നബി സ യുടെ സമൂഹത്തിനും ബാധകമാണെന്നും അത് ദുര്ബലപ്പെടുത്തപ്പെട്ടിട്ടില്ല എന്നുമുള്ള അഭിപ്രായക്കാരാണ് ഭൂരിപക്ഷം പണ്ഡിതന്മാരും ഇതോടൊപ്പം തന്നെ ഇതിനു വിപരീതമായിട്ടുള്ള റിപ്പോർട്ടുകളും അവരുടെ ഭാഗത്തു നിന്നും ഉദ്ധരിക്കപ്പെട്ടിരിക്കുന്നു.

ആലൂസി അദ്ദേഹത്തിന്റെ തഫ്സീറിൽ ഇപ്രകാരം പറയുന്നു: ഈ ആയത്തിലൂടെ അഭിസംബോധന ചെയ്യപ്പെടുന്നത് മുഴുവൻ സമുദായത്തെ ആണെന്നോ , ഈ ആയത്തു വാളിന്റെ ആയത്തു അവതരിച്ച ശേഷം ദുര്ബലപ്പെട്ടുപോയെന്നോ , ജനങ്ങൾ എന്നത് കൊണ്ട് സച്ചരിതരായ വിശ്വാസികളെയാണുദ്ദേശിക്കപ്പെടുന്നതു, കാരണം അവിശ്വാസികളോടും അധർമകാരികളോടും നല്ല വാക്ക് പറയാൻ അല്ല മറിച്ചു അവരെ ശപിക്കാനും ആക്ഷേപിക്കാനും അവരോടു യുദ്ധം ചെയ്യാനുമാണ് കല്പിക്കപ്പെട്ടിരിക്കുന്നത് എന്നോ ആരെങ്കിലും പറഞ്ഞാൽ അവന്റെ വാദം യാഥാർഥ്യത്തിൽ നിന്നും വളരെ അകലെയാണ്.

## ആയത്തിൽ ജനങ്ങൾ എന്നുപറഞ്ഞതിലൂടെ അള്ളാഹു ആരെയാണ് ഉദ്ദേശിക്കുന്നത്

അള്ളാഹു തആല ബനു ഇസ്രായിലരോട് ' സ്വീകരിച്ച പൊതുവായ ഒരു കരാറിനെയാണ് ഈ ആയത്തു സൂചിപ്പിക്കുന്നത് . ബനൂ ഇസ്രായിലിലെ ഒരു വിഭാഗം ആളുകൾ ധാർമിക മൂല്യങ്ങളിൽ പക്ഷപാതിത്വവും വിഭാഗീയതയും കലർത്തിയപ്പോൾ അള്ളാഹു തആല അവരെ നിരാകരിച്ചു കളഞ്ഞതിനെ സംബന്ധിച്ചു നാം മുമ്പ് പ്രതിപാദിച്ചിരുന്നു .അഥവാ അവർ തങ്ങളുടെ വിഭാഗത്തിലുള്ളവരോട് അനുവർത്തിക്കുമ്പോൾ ധാർമിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും എന്നാൽ മറ്റുള്ളവരോടുള്ള പെരുമാറ്റത്തിൽ ആ മൂല്യങ്ങളെ പരസ്യമായി ലംഘിക്കുകയും ചെയ്യുമായിരുന്നു.
അള്ളാഹു തആല പറയുന്നു: ഒരു സ്വർണക്കൂമ്പാരം തന്നെ വിശ്വസിച്ചേൽപിച്ചാലും അത് നിനക്ക് തിരിച്ചുനൽകുന്ന ചിലർ വേദക്കാരിലുണ്ട്. അവരിൽ തന്നെ മറ്റൊരു തരക്കാരുമുണ്ട്, അവരെ ഒരു ദിനാർ നീ വിശ്വസിച്ചേൽപിച്ചാൽ പോലും നിരന്തരം ( ചോദിച്ചു കൊണ്ട് ) നിന്നെങ്കിലല്ലാതെ അവരത് നിനക്ക് തിരിച്ചുതരികയില്ല. അക്ഷരജ്ഞാനമില്ലാത്ത ആളുകളുടെ കാര്യത്തിൽ ( അവരെ വഞ്ചിക്കുന്നതിൽ ) ഞങ്ങൾക്ക് കുറ്റമുണ്ടാകാൻ വഴിയില്ലെന്ന് അവർ പറഞ്ഞതിനാലത്രെ അത്. അവർ അല്ലാഹുവിന്റെ പേരിൽ അറിഞ്ഞ് കൊണ്ട് കള്ളം പറയുകയാകുന്നു. അല്ല, വല്ലവനും തന്റെ കരാർ നിറവേറ്റുകയും ധർമ്മനിഷ്ഠപാലിക്കുകയും ചെയ്യുന്ന പക്ഷം തീർച്ചയായും അല്ലാഹു ധർമ്മനിഷ്ഠപാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.
ഇവിടെ അള്ളാഹു അവരോടു മാത്രമാണ് കരാർ സ്വീകരിച്ചതെന്ന് പറയുകയാണെങ്കിൽ ധാർമിക വിഭാഗീയത അള്ളാഹു അംഗീരിച്ചു എന്ന ധരിക്കപ്പെടാൻ സാധ്യതയില്ലേ .? അതെ അങനെയാണ് ശെരിയാകുന്നത്?
ഇതിലൂടെ അള്ളാഹു തആല ആയതിൽ ഉദ്ദേശിച്ചിട്ടുള്ളത് മുഴുവൻ ജനങ്ങളെയുമാണെന്നും , ധാർമിക മൂല്യങ്ങൾക്ക് ജാതി മത വർണ വിവേചനങ്ങളില്ലെന്നും വളരെ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും.

ഇമാം ഹാഫിള് സുയൂതി തന്റെ ദുർറൽ മൻസൂറിൽ ഉദ്ദരിച്ച പ്രകാരം ,അല്ലാഹുവിന്റെ കല്പന മുഴുവൻ ജനങ്ങൾക്കും ബാധകമാണെന്ന് പറഞ്ഞവർ ഇവരാകുന്നു :
ഇമാം അലി ബിൻ അബി ത്വാലിബ് റ ,മുഹമ്മദ് ബാഖിർ ബിൻ അലി ബിൻ സൈനുൽ ആബിദീൻ ബിൻ ഹുസ്സൈൻ , അതാ ബിൻ റബാഹ് ,കൂടാതെ ,ഖുർആൻ വ്യാഖ്യാതാക്കളായ ഇബ്നു ജരീർ ഇമാം റാസി ഹാഫിള് ഇബ്നു കസീർ ഇമാം ഇബ്നു ഹയ്യർ അന്ദലുസി ഇമാം ഖുർതുബി ഇമാം മാവർദി ഇമാം സാവി ഇമാം ബാറൂസാവി ഇമാം ബിഖാഇ ,താഹിർ ബിൻ ആശൂർ തുടങ്ങിയവർ തങ്ങളുടെ ഖുർആനിന്റെ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ ഈ അഭിപ്രായം സ്വീകരിച്ചിരിക്കുന്നു.

ഈ ആയത്തിന് ഇമാം ഖുർതുബി നൽകിയ വ്യാഖ്യാനം നാം വളരെയധികം ചിന്തിച്ചു മനസ്സിലാക്കേണ്ടിയിരിക്കുന്നു അദ്ദേഹം പറയുന്നു : ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അവൻ ജനങ്ങളോട് സംവദിക്കുമ്പോൾ മയമായ ശൈലി സ്വീകരിക്കണം ,സദ് വൃത്തനെന്നോ ദുർമാർഗിയെന്നോ , സുന്നത് മുറുകെ പിടിക്കുന്നവനെന്നോ , ബിദ്അത് ചെയ്യുന്നവനെന്നോ വ്യത്യാസമില്ലാതെ എല്ലാവരോടും പ്രസന്ന വദനനായി സംസാരിക്കണം ,എന്നാൽ ഒരിക്കലും അത് കപട സ്തുതിയുടെ ഭാഗമായി മാറരുത് .

ആയതിനാൽ, ജനങ്ങളോട് നിങ്ങൾ നല്ലതു പറയുക എന്ന ആയത്തു എല്ലാവർക്കും ബാധകമാണ്.

## ആയത്തിൽ നല്ല വാക്കു എന്ന് പറഞ്ഞപ്പോൾ നന്മ എന്നത് കൊണ്ട് അള്ളാഹു എന്താണ് ഉദ്ദേശിക്കുന്നത്

ആയത്തിന്റെ പശ്ചാത്തലത്തിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് , ഒന്നിനെയും പ്രത്യേകം മാറ്റി നിർത്താതെ നന്മയുടെ കൂട്ടത്തിൽ ഉൾപെടുത്താൻ പറ്റുന്ന എല്ലാത്തിനെയും ഇവിടെ ഉദ്ദേശികപെടുന്നു എന്നാണ്.

കാരണം ഇതിനു മുന്നോടിയായി അള്ളാഹു പറഞ്ഞ കാര്യങ്ങളെടുത്തു നോക്കുകയാണെങ്കിൽ അവയെല്ലാം വാക്കിലും കർമത്തിലും മനുഷ്യൻ പാലിക്കേണ്ട പല തരത്തിലുള്ള സ്വഭാവ സവിശേഷതകളെ കുറിച്ചാണെന്നു നമുക്ക് കാണാൻ സാധിക്കും , ഉദാഹരണത്തിന് , മാതാപിതാക്കളോടും അനാഥകളോടും അഗതികളോടും ബന്ധുമിത്രാതികളോടും നല്ല രീതിയിൽ വർത്തിക്കുക എന്നിവ പോലുള്ള കാര്യങ്ങൾ. അപ്പോൾ സ്വഭാവികമായും പ്രത്യേയകമായി ഉദ്ദേശിക്കുന്ന ഒരു കാര്യത്തെ ഒരിക്കലും പൊതുവായി പറയുകയില്ല എന്നത് വ്യക്തമാണ്.

എന്നാൽ അതിന് പ്രത്യേകമായ അർഥം ഉണ്ടെന്ന് പ്രസ്താവിക്കുന്ന ഇബ്നു അബ്ബാസ് റ ന്റെ പല ഉദ്ധരണികളും വന്നിട്ടുണ്ട് ,അതോടൊപ്പം , ഇമാം ഇബ്നു കസീർ റ തന്റെ തഫ്സീറിൽ ഇപ്രകാരം ഉണർത്തുന്നു : നല്ലതു എന്നതിന് ചിലർ നൽകിയ പ്രത്യേകമായ വ്യാഖ്യാനം ഒരിക്കലും അതിന്റെ പൊതുവായ സ്വഭാവത്തെ ഇല്ലാതാകുന്നില്ല മറിച്ചു അതും ആയതിന്റെ ആശയത്തിൽ ഉൾപ്പെടുന്നു അഥവാ , അവരോടു നല്ല രീതിയിൽ സംസാരിക്കുകയും വളരെ മയത്തോടെയും സഹിഷ്ണുതയോടെയും ഇടപെടുകയും ചെയ്യുക എന്നു പറയുമ്പോൾ അതിൽ നന്മ കല്പിക്കലും തിന്മ നിരോധിക്കലും ഉൾപ്പെടുന്നു.

ഹസനുൽ ബസറി റ പറയുന്നു : ജനങ്ങളോട് നല്ല വാക്കു പറയുക എന്നതിലുള്ള നന്മ കൊണ്ടുദ്ദേശിക്കപ്പെടുന്നത് നന്മ കൽപ്പിക്കലും തിന്മ നിരോധിക്കലും, വിട്ടുവീഴ്ചയും ക്ഷമയും സഹനതയും ശീലിക്കലും, അള്ളാഹു തആല കല്പിച്ചതു പോലെ ജനങ്ങളോട് നന്മ പറയലുമാകുന്നു :

അതായത് നന്മ എന്നത് കൊണ്ട് അല്ലാഹു ത്രിപ്തിപ്പെടുന്ന എല്ലാ നല്ല സ്വഭാവവുമാണുദ്ദേശിക്കപ്പെടുന്നത് .

ഈ ആയതിനു പരസ്പരമുള്ള പെരുമാറ്റത്തിന്റെ ന്യായമായ വ്യവസ്ഥിതി എന്ന ആശയവുമായി അഭേദ്യ ബന്ധമുണ്ടെന്ന് ഇമാം മുഹമ്മദ് അൽ ബാഖിർ ഇൽ നിന്നും ഉദ്ധരിക്കപ്പെട്ടിരിക്കുന്നു

അദ്ദേഹത്തിന്റെ വചനം ഇപ്രകാരം കുറിക്കാം : ജനങ്ങൾ നിങ്ങളോട് എന്ത് പറയാൻ ആഗ്രഹിക്കുന്നുവോ ആ രീതിയിൽ നിങ്ങൾ അവരോടു സംസാരിക്കുക.

ചില പണ്ഡിതന്മാർ അമുസ്ലിമീങ്ങളായ വ്യക്തികളോട് സലാം പറയുമായിരുന്നു അതിനെ കുറിച്ചു അവരോടു ചോദിക്കപ്പെട്ടപ്പോൾ അവർ പറഞ്ഞത് ഇപ്രകാരമായിരുന്നു : അള്ളാഹു തആല പറയുന്നു :നിങ്ങൾ ജനങ്ങളോട് നല്ല വാക്കു പറയുക എന്ന്, നല്ല വാക്ക് കൊണ്ടുള്ള ഉദ്ദേശം സലാം ആകുന്നു.

ആയതിനാൽ , അള്ളാഹു തആല ആയത്തിൽ പറഞ്ഞിട്ടുള്ള നന്മ എന്ന വാക്കിലൂടെ പ്രത്യേകം ഒരു വിഭാഗത്തിൽ പരിമിതമാകാതെ മുഴുവൻ നന്മകളെയും ഉദ്ദേശിക്കപ്പെടുന്നു.

ഒരിക്കൽ അഹ്നഫ് ബിൻ ഖൈസ് (റ) ചോദിച്ചു :
ഏറ്റവും മോശമായ രോഗമേതാണെന്നു ഞാൻ നിങ്ങൾക്ക് അറിയിച്ചു തരട്ടെയോ ?
അവർ പറഞ്ഞു : തീർച്ചയായും
അദ്ദേഹം പറഞ്ഞു : തരം താണ സ്വഭാവവും വൃത്തികെട്ട നാവുമാകുന്നു.

# ബാഹ്യവും ആന്തരികവുമായ നന്മ

നല്ല വാക്കുകൾ പറയുക എന്നത് എല്ലാവരോടും സാധ്യമായ ഒരു രീതിയാണ് ,പക്ഷെ , വെറും ഭംഗി വാക്കുകൾ പറഞ്ഞത് കൊണ്ട് മാത്രമായില്ല ,മറിച്ചു ആ വാക്കുകൾ ഹൃദയത്തിന്റെ അന്തരാളങ്ങളിൽ സ്ഥിതി ചെയ്യുന്നതിനെ സാക്ഷ്യപെടുത്തുന്നതായിരിക്കണം ,ഒരു മുസ്ലിമായ മനുഷ്യൻ തന്റെ ഹൃദയത്തിന്റെ ഉള്ളിൽ നന്മ നിറച്ചു കൊണ്ടായിരിക്കും ജനങ്ങളോട് നല്ലതു പറയുക. അതാണ് ജനങ്ങളോട് നല്ല രീതിയിൽ വർത്തിക്കുക എന്നതിന്റെ അടിസ്ഥാനം.

റസൂലുല്ലാഹി സ അരുളിയിരിക്കുന്നു : തനിക്ക് വേണ്ടി ഇഷ്ടപെടുന്ന വസ്തുക്കൾ തന്റെ സഹോദരന് വേണ്ടിയും ഇഷ്ടപ്പെടുന്നത് വരെ നിങ്ങളിലൊരാളും യഥാർത്ഥ മുസ്ലിം ആവുകയില്ല മുഴുവൻ ജനങ്ങൾക്കും നന്മ പ്രവർത്തിക്കുന്നത് സാധ്യമാകാതെ വന്നപ്പോൾ അള്ളാഹു തആല അതിനെ നല്ല വാക്ക് പറയുക എന്നതിലേക്ക് മാറ്റി.

അല്ലാഹു പറയുന്നു : നിങ്ങൾ ജനങ്ങളോട് നല്ലതു പറയുക

ആയതിനാൽ ഫലത്തിൽ ആർക്കെങ്കിലും ജനങ്ങൾക്ക് ഉപകാരം ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ , അവൻ നല്ല വാക്കുകൾ കൊണ്ടും ഉപദേശങ്ങൾ നൽകി കൊണ്ടും അവരോടു നന്മ ചെയ്യുക.

# ഇതേ ആയത്തിൽ തന്നെ പറഞ്ഞിട്ടുള്ള മറ്റു അധ്യാപനങ്ങളുമായി ഈ കാര്യത്തിന് എന്ത് ബന്ധമാണുള്ളത്

പ്രിയ സഹോദരാ ഈ ആയത്തിനെ കുറിച്ച് ഒന്ന് നല്ലതു പോലെ ചിന്തിച്ചു നോക്കുക :
അല്ലാഹു തആല പറയുന്നു : "അല്ലാഹുവെ അല്ലാതെ നിങ്ങൾ ആരാധിക്കരുത്; മാതാപിതാക്കൾക്കും ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും നൻമ ചെയ്യണം; ജനങ്ങളോട് നല്ല വാക്ക് പറയണം; പ്രാർത്ഥന മുറ പ്രകാരം നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യണം എന്നെല്ലാം നാം ഇസ്രായില്യരോട് കരാർ വാങ്ങിയ സന്ദർഭം ( ഓർക്കുക ). ( എന്നാൽ ഇസ്രായീൽ സന്തതികളേ, ) പിന്നീട് നിങ്ങളിൽ കുറച്ച് പേരൊഴികെ മറ്റെല്ലാവരും വിമുഖതയോടെ പിൻമാറിക്കളയുകയാണ് ചെയ്തത" ( ബഖറ 83)

**അള്ളാഹു തആല ബനൂ ഇസ്രായേല്യരോട് ചെയ്ത പല കരാറുകളും ഈ ആയത്തിൽ ഉൾക്കൊണ്ടിരിക്കുന്നു**

- അല്ലാഹുവിനു മാത്രം ആരാധനയർപ്പിക്കുക.
- മാതാപിതാക്കൾ , ബന്ധുമിത്രാദികൾ , അനാഥകൾ , അഗതികൾ തുടങ്ങിയവരോട് നല്ല വാക്ക് പറയുകയും നല്ല രീതിയിൽ ഇടപെടുകയും ചെയ്യുക.
- മുഴുവൻ ജനങ്ങളോടും നല്ല വാക്കുകൾ മാത്രം പറയുക.
- നമസ്കാരം നിലനിർത്തുകയും,സകാത് നൽകുകയും ചെയ്യുക.




**ശേഷം കരാർ പാലിക്കുന്നതിൽ നിന്നും വിട്ടുനിൽക്കുന്ന അവരിലെ അധികമാളുകളെയും അള്ളാഹു തആല വിമർശിച്ചു**

ഈ ആയത്തിലെ അഭിസംബോദനയുടെ പ്രാദാന്യം പല കാര്യങ്ങളിലായി നമുക്ക് മനസ്സിലാക്കാം

- അഭിസംബോധന മുഴുവനും സൽ പ്രവർത്തികളെയും സദ് വചനങ്ങളെയും കുറിച്ചായിരുന്നു.
- അള്ളാഹു തആല നമസ്കാരം സകാത് മുതലായ ഇസ്ലാമിന്റെ അടിസ്ഥാന ഘടകങ്ങളെക്കാൾ സൽപ്രവർത്തിക്കും സദ് വചനങ്ങൾക്കും പ്രാദാന്യം നൽകിയിരിക്കുന്നു , ഇതിലൂടെ അല്ലാഹുവിന്റെ സർവ കല്പനകളുടെയും അടിസ്ഥാനം നന്മയാണെന്ന് മനസ്സിലാക്കാൻ സാധിക്കും.

## സംഗ്രഹം

നിങ്ങൾ ജനങ്ങളോട് നല്ലതു പറയുക എന്ന അല്ലാഹുവിന്റെ വചനങ്ങളിൽ നിന്നും താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാകുന്നു:

ഇത് വെറും വിശ്വാസികൾക്കോ സദ്‌വൃത്തർക്കോ വേണ്ടി മാത്രമുള്ള അഭിസംബോധനം അല്ല മറിച്ച് മുഴുവൻ ജനങ്ങൾക്കും ഇത് ബാധകമാണ്.

ഈ ആയത്ത് നന്മയുടെ എല്ലാ അർത്ഥങ്ങളെയും ഉൾകൊള്ളുന്നു, നന്മ കല്പിക്കലിലും തിന്മ നിരോധിക്കലിലും പരിമിതമാകുന്നില്ല.

ഇത് ബനൂ ഇസ്രയേലർക്ക് മാത്രം പ്രത്യേകമായിട്ടുള്ളതല്ല മറിച്ച് ഇസ്ലാമിക ശരീഅത്തിലും സ്ഥിരപ്പെട്ട കാര്യമാകുന്നു.

ഈ ആയത്ത് ഇന്നും സുദൃഢവും വ്യക്തവുമായി നിലകൊള്ളന്നു ഒരിക്കലും ദുബലപ്പെടുത്തപ്പെട്ടിട്ടില്ല.

എല്ലാ വ്രണങ്ങൾക്കും ചികിത്സയുണ്ട്
എന്നാൽ സ്വഭാവ ദൂഷ്യത്തിനു
ഒരു ചികിത്സയും ഇല്ല

അലി ബിൻ അബി താലിബ് റ

## മാറ്റ തിരുത്തലുകളും വ്യാജ വാദങ്ങളും

റസൂലുല്ലാഹി സ അരുളിയിരിക്കുന്നു :
ദീനിന്റെ അറിവുകളെ എല്ലാ തലമുറകളിലെയും സത്യസന്ധരായ ആളുകൾ ഏറ്റെടുക്കുന്നതാണ് , അവർ അതിക്രമകാരികളുടെ മാറ്റത്തിരുത്തലുകളെയും വ്യാജവാദികളുടെ അറിവ് നടിക്കലിനേയും വിഡ്ഢികളുടെ ദുർവ്യാഖ്യാനങ്ങളെയും ഉന്മൂലനം ചെയ്യുന്നതാണ്,
സച്ചരിതരായ മുൻഗാമികളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട വൈജ്ഞാനിക രീതിയുമായി പൂർണമായും വിയോജിക്കുന്ന രൂപത്തിലും ദൈവിക ഉല്ബോധനത്തിന്റെ അധ്യാപനങ്ങളോടും മൂല്യങ്ങളോടും യോജിക്കാത്ത തരത്തിലും പരിശുദ്ധ ഖുർആനിനെയും പ്രവാചക വചനങ്ങളെയും തെറ്റായ രീതിയിലൂടെ മനസ്സിലാക്കിയ കൂട്ടരാകുന്നു അവർ .

അവർ അമുസ്ലിമീങ്ങൾക്ക് വേണ്ടി അവതരിച്ച ആയത്തുകളെ മുസ്ലിമീങ്ങൾക്ക് വേണ്ടി ഉള്ളതാണെന്ന് വാദിക്കുകകയും ഉപാധികളോട് കൂടി അവതരിച്ച വചനങ്ങളെ നിരുപാധികമായ രീതിയിൽ വ്യാഖ്യാനിക്കുകയും പരിശുദ്ധ ഖുർആനിന്റെ വചനങ്ങളിലും പ്രവാചകന്റെ വചനങ്ങളിലും മാറ്റത്തിരുത്തലുകൾ വരുത്തുകയും ചെയ്തു, എത്രത്തോളമെന്നാൽ ആ ചിന്താഗതികൾ സാധാരണ വിശ്വാസികളുടെ മനസ്സുകളിൽ വളരെ തെറ്റായ രീതിയിൽ സ്ഥാനം പിടിക്കുകയും അത് കാരണമായി അവരുടെ ഭാഗത്തു നിന്നും പരിശുദ്ധ ദീനുമായി ബന്ധമില്ലാത്ത ഒരുപാടു പ്രവർത്തികൾ ഉണ്ടാവുകയും ചെയ്തു.

ഖുർആനിൽ നിന്നും പ്രവാചക വചനങ്ങളിൽ നിന്നും സച്ചരിതരായ മുൻഗാമികൾ പകർന്നു തന്ന അറിവുകളിൽ നിന്നും അകന്നു പോകുന്ന തരത്തിൽ പിഴച്ച ചിന്താഗതിക്കാർ ഖുറാനിൽ വരുത്തിയ മാറ്റാതിരുത്തലുകളെയും ശറഈ നിയമങ്ങളെ മനസ്സിലാക്കുന്നതിൽ വരുത്തിയ പിഴവുകളെയും സംബന്ധിച്ച് ഈ പരമ്പരയിലൂടെ നമുക്ക് മനസിലാക്കാം .



دار الفقيه للنشر والتوزيع
DAR AL FAQIH
PUBLICATION & DISTRIBUTION

www.sanad.network
twitter: @sanadnetwork
facebook.com/sanadnetwork
youtube.com/sanadnetwork
instagram.com/sanadnetwork